**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1358** **27-07-2021 - ൽ മറുപടിയ്ക്ക്**

**മൃഗശാല ജീവനക്കാരുടെ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ എം എസ് അരുൺ കുമാർ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മൃഗശാലകളിൽ പക്ഷിമൃഗാദികളുടെ പരിചരണത്തിന് നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ സുരക്ഷ, ആരോഗ്യ പരിരക്ഷ എന്നിവ സംബന്ധിച്ച് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) | മൃഗശാലകളിൽ കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരമാണ് കൂടുകൾ പണികഴിപ്പിച്ചിട്ടുള്ളത്. മൃഗങ്ങളുടെയും, ജീവനക്കാരുടെയും സുരക്ഷ മുൻ നിർത്തി മൃഗങ്ങളുമായി നേരിട്ട് ബന്ധപ്പെടാതെ തന്നെ അവയെ മാറ്റുവാൻ സാധിക്കുന്ന തരത്തിലുള്ള മാറ്റുകൂടുകളോട് കൂടിയാണ് മിക്ക കൂടുകളും നിർമ്മിക്കപ്പെട്ടിട്ടുള്ളത്. മൃഗശാലയിൽ സി.സി.റ്റി.വി, വാക്കിടോക്കി, ഗാർഡുകളുടെ സേവനം, 24x7 നിരീക്ഷണ സംവിധാനമുള്ള കൺട്രോൾ റൂം, ജീവനക്കാർക്ക് ഗംബൂട്ട്, ഗ്ലൗസ്സ് മുതലായ സുരക്ഷാ ഉപകരണങ്ങളും നൽകിയിട്ടുണ്ട്. കീപ്പർമാരെ ഇൻഡ്യയിലെ പ്രധാനപ്പെട്ട മൃഗശാലകളിൽ കൊണ്ടുപോയി പരിശീലനവും നൽകി വരുന്നുണ്ട്. ആരോഗ്യ പരിരക്ഷയുടെ ഭാഗമായി മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുന്നുണ്ട്. |
| (ബി) | ജീവനക്കാർക്ക് പകർച്ച വ്യാധികൾ പിടിപെടുകയോ മൃഗങ്ങളുടെ ആക്രമണത്തിൽ പരിക്ക് പറ്റുകയോ ചെയ്താൽ സർക്കാരിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്; വിശദമാക്കുമോ; | (ബി) | മൃഗശാലയിലെ മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്ക് പിടിപെടാവുന്ന (Zoonotic desease) പകർച്ചവ്യാധികളൊന്നും തന്നെ മൃഗശാലകളിലെ ജീവനക്കാരെ ബാധിച്ചിട്ടില്ല. നാളിതുവരെ നടത്തിയിട്ടുള്ള മെഡിക്കൽ ക്യാമ്പുകളിൽ ഇക്കാര്യം വ്യക്തമായിട്ടുണ്ട്. മൃഗങ്ങളുടെ ആക്രമണത്തിൽ പരിക്ക് പറ്റി സ്ഥിരമായ വൈകല്യമുണ്ടാകുകയാണെങ്കിൽ സർക്കാർ ജീവനക്കാർക്ക് നൽകി വരുന്ന ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് സ്കീമിൽ നിന്നുള്ള സഹായം ലഭ്യമാണ്. പരിക്ക് പറ്റി ചികിത്സയ്ക്ക് ചെലവാകുന്ന തുക മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് മുഖേനയും നൽകി വരുന്നുണ്ട്. |
| (സി) | 2019- 2021 കാലയളവിൽ സംസ്ഥാനത്തെ | (സി) | 2019-2021 കാലയളവിൽ രാജവെമ്പാലയുടെ |

| | | | |
|---|---|---|---|
| | മൃഗശാലകളിൽ പക്ഷിമൃഗാദികളുടെ പരിചരണത്തിനിടയിൽ ജീവാപായം സംഭവിച്ച ജീവനക്കാരുടെ വിശദാംശങ്ങൾ ലഭ്യമാണോ; എങ്കിൽ നൽകുമോ; | | കടിയേറ്റ് ഹർഷാദ് എന്ന ജീവനക്കാരൻ മരണപ്പെട്ട സംഭവം മാത്രമെ ഉണ്ടായിട്ടുള്ളൂ. |
| (ഡി) | ഇപ്രകാരം ജീവാപായം സംഭവിച്ച ജീവനക്കാരുടെ കുടുംബത്തിന് നിലവിൽ നൽകി വരുന്ന നഷ്ടപരിഹാരം എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (ഡി) | രാജവെമ്പാലയുടെ കടിയേറ്റ് മരണപ്പെട്ട ഹർഷാദിന്റെ മകന്റെ 18 വയസ്സ് വരെയുള്ള പഠനചെലവ് സർക്കാർ ഏറ്റെടുത്ത് തുടർ നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കുടുംബത്തിന് ലൈഫ് പദ്ധതിയിലുൾപ്പെടുത്തി വീട് വച്ച് നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തവായിട്ടുണ്ട്. കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് ചട്ടങ്ങളിലെ വ്യവസ്ഥയിലിളവ് വരുത്തി 10ലക്ഷം രൂപ നഷ്ടപരിഹാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഒപ്പം സമാശ്വാസ തൊഴിൽദാന പദ്ധതിയിൽ സിനിയോരിറ്റി മറികടന്ന് ടിയാന്റെ വിധവയ്ക്ക് ആശ്രിത നിയമനം നൽകുന്നതിനും തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ